**തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ&ജില്ലാ കളക്ടറുടെ നടപടിക്രമം**
(സാന്നിദ്ധ്യം: എസ്.ഷാനവാസ്, ഐ.എ.എസ്)

വിഷയം : ദുരന്ത നിവാരണ ആക്ട് 2005- പൊരിങ്ങൽക്കുത്ത് ഡാമിലെ അധികജലം ചാലക്കുടിപുഴയിലേക്ക് ഒഴുക്കുന്നത്- അപകടസാഹചര്യം ഒഴിവാക്കുന്നതിലേക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു നിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവാകുന്നു.

പരാമർശം : 1. കേന്ദ്രകാലാവസ്ഥനിരീക്ഷണവകുപ്പിന്റെ 04.08.20 മുതൽക്കുള്ള തീവ്രമഴയുടെ മുന്നറിയിപ്പ്
2.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡാം സേഫ്റ്റി ഡിവിഷൻ, K.S.E.B,പൊരിങ്ങൽക്കുത്തിന്റെ 03.08.20 തിയതിയിലെ അപേക്ഷ.

**ഉത്തരവ് നമ്പർ കെ1-4286 / 2020 തിയതി : 03.08.2020**

സംസ്ഥാനത്ത് 04.08.20 മുതൽ 10.08.20 വരെ വിവിധ ജില്ലകളിൽ ഓറഞ്ച് അലെർട്ടും തൻമൂലം അതിശക്തമായ മഴക്കുള്ള മുന്നറിയിപ്പും കേന്ദ്രകാലാവസ്ഥനിരീക്ഷണവകുപ്പ് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിലവിൽ ജില്ലയിൽ ശക്തമായ മഴയെതുടർന്നുള്ള നീരൊഴുക്ക് മൂലം പൊരിങ്ങൽക്കുത്ത് ഡാമിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. ശക്തമായ മഴയുടെ മുന്നറിയിപ്പ് ലഭ്യമായ സാഹചര്യത്തിൽ വെള്ളക്കെട്ടുമൂലമുള്ള ഏതൊരു സാഹചര്യത്തേയും ഒഴിവാക്കേണ്ടതും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതും അത്യന്താപേക്ഷിതമാണ്. 03.08.2020 തിയതി രാവിലെ 07.00 മണി സമയത്തെ പൊരിങ്ങൽക്കുത്ത് ഡാമിലെ ജലനിരപ്പ് 419.80 മീറ്ററാണെന്നും ഡാമിൽ നിന്നും അധികജലം ചാലക്കുടി പുഴയിലേക്ക് ഒഴുകുന്നുണ്ടെങ്കിലും നിലവിൽ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണെന്നും ഡാമിന്റെ സ്ലൂയിസ് വാൽവ് തുറന്ന് ചാലക്കുടിപുഴയിലേക്ക് ജലം ഒഴുക്കിക്കളയുന്നതിന് അനുമതിനൽകിക്കൊണ്ട് ഉത്തരവാകണമെന്നും പരാമർശം 2 പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റിസർവ്വോയറുകളിലെ ജലനിരപ്പ് നിയന്ത്രിച്ച് നിർത്തുന്നതിനും, പ്രത്യേകിച്ച് ചെറിയഡാമുകളുടേയും, റിസർവ്വോയറുകളുടേയും ജലവിതാനം നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം ഉള്ളതാണ്. തൃശ്ശൂർ ജില്ലയിൽ പൊരിങ്ങൽകുത്ത് റിസർവ്വോയർ താരതമ്യേന ചെറിയ റിസർവ്വോയർ ആണ്. പ്രസ്തുത ഡാം 2018 ഓഗസ്റ്റ് മാസത്തിൽ നിറഞ്ഞ് കവിഞ്ഞ് 36 മണിക്കൂർ നേരം പ്രളയജലം പുറത്തേക്ക് ഒഴുകിയിട്ടുള്ളതാണ്. വളരെ പെട്ടന്ന് ജലവിതാനം ഉയരുന്ന രീതിയാണ് പൊരിങ്ങൽകുത്ത് ഡാമിൽ കണ്ടുവരുന്നത്. ആയതിനാൽ മേൽ സൂചിപ്പിച്ച കാലയളവിൽ, 04.08.20 മുതൽ 10.08.20 വരെ, താരതമ്യേന സുരക്ഷിതമായ അളവിൽ ഡാമിലെ ജലവിതാനം ക്രമീകരിക്കേണ്ടതുണ്ട്. മേൽവിവരിച്ച കാര്യങ്ങൾ പരിശോധിച്ചതിൽ നിന്നും പൊരിങ്ങൽകുത്ത് ഡാമിന്റെ സ്ലൂയിസ് വാൽവുകൾ തുറന്ന് അധികജലം ചാലക്കുടി പുഴയിലേക്ക് ഒഴുക്കി ഡാമിലെ വെള്ളത്തിന്റെ അളവ് 415 മീറ്ററിൽ അധികരിക്കാതെ ടി

കാലയളവിൽ അല്ലെങ്കിൽ പ്രളയഭീഷണി ഒഴിവാകുന്നത് വരെ ക്രമീകരിക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ പൊരിങ്ങൽകുത്ത് ഡാമിന്റെ സ്ലൂയിസ് വാൽവുകൾ രാവിലെ 6.00 മണി മുതൽ വൈകീട്ട് 4.00 മണിവരെയുള്ള സമയത്തിനിടയിൽ ആവശ്യമായ മുന്നറിയിപ്പുകൾ നൽകി തുറന്ന് അധികജലം ചാലക്കുടി പുഴയിലേക്ക് ഒഴുക്കി ഡാമിലെ വെള്ളത്തിന്റെ അളവ് മേൽവിവരിച്ച പ്രകാരം ക്രമീകരിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ ഇടമലയാറിന് അനുമതിനൽകിക്കൊണ്ടും വെള്ളക്കെട്ട് മൂലമുള്ള ദുരന്ത സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകികൊണ്ടും തൃശ്ശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ചെയർപേഴ്സണും ജില്ലാ കളക്ടറുമായ എസ് .ഷാനവാസ്, ഐ.എ.എസ് എന്ന ഞാൻ ദുരന്തനിവാരണ ആക്ട് 2005 ലെ സെക്ഷൻ 26(2) പ്രകാരം എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് സെക്ഷൻ 34(a)(b)(c)(d)(e)(f)(j)(h)(i)(k)(m) എന്നിവ പ്രകാരം ഉത്തരവാകുന്നു.

**നിർദ്ദേശങ്ങൾ**

1. പൊരിങ്ങൽക്കുത്ത് ഡാമിലെ സ്ലൂയിസ് വാൽവ് തുറക്കുന്നതുമൂലം അധികജലം ഒഴുകിവന്ന് ചാലക്കുടി പുഴയിലെ ജലനിരപ്പ് ഉയരുവാൻ സാധ്യതയുള്ളതിനാൽ പൊതുജനങ്ങളും കുട്ടികളും പുഴയിൽ ഇറങ്ങുന്നതിനും പുഴയിൽ കുളിക്കുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും ഫോട്ടോ എടുക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തി അടിയന്തര സാഹചര്യം നേരിടുന്നതിനാവശ്യമായ നടപടികൾ ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ ( സിറ്റി / റൂറൽ ) എന്നിവർ സ്വീകരിക്കേണ്ടതാണ്.

2. കോവിഡ് മാനദണ്ഡമനുസരിച്ച് പ്രളയദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കുന്നത് ഉൾപ്പെടെയുള്ള മുൻകരുതൽ നടപടികൾ തഹസിൽദാർ ചാലക്കുടി, മുകുന്ദപുരം, കൊടുങ്ങല്ലൂർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

3. പൊരിങ്ങൽക്കുത്ത് ഡാമിലെ അധികജലം ഒഴുകിവരുന്നതുമൂലം ചാലക്കുടി പുഴയിലെ ജലനിരപ്പ് ഉയരുവാൻ സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾക്ക് ഇതു സംബന്ധിച്ച മുന്നറിയിപ്പ് മൈക്ക്അനൗൺസ്മെന്റ് മുഖേന നൽകേണ്ടതാണ്. ഇതിനുള്ള നടപടികൾ ചാലക്കുടി മുൻസിപ്പൽ സെക്രട്ടറി, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മേലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കാടുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കുഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവർ സ്വീകരിക്കേണ്ടതാണ്.

4.ചാലക്കുടി പുഴയിൽ മത്സ്യ ബന്ധനത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണ്. ഇതിനുള്ള നടപടികൾ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

5. ചാലക്കുടി പുഴയുടെ തീരത്തുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കർശന നിയന്ത്രണവും സുരക്ഷയും ഏർപ്പെടുത്തേണ്ടതാണ്. ഇതിനുള്ള നടപടികൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ചാലക്കുടി, വാഴച്ചാൽ എന്നിവർ സ്വീകരിക്കേണ്ടതാണ്.

6. വിനോദ സഞ്ചാരികൾക്ക് പൂർണ്ണ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ജില്ലാ ടൂറിസം പ്രൊമോഷൻ കൌൺസിൽ സെക്രട്ടറി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

7. അപകടസാഹചര്യം നേരിടുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ജില്ലാ ഫയർ ഓഫീസർ സ്വീകരിക്കേണ്ടത്.

8.ദൃശ്യ, ശ്രാവ്യ, പത്ര മാധ്യമങ്ങൾ മുഖേനയുള്ള മുന്നറിയിപ്പ് നൽകുന്നതിനുള്ള നടപടികൾ ജില്ലാ ഇൻഫർമേഷൻ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

9.പൊരിങ്ങൽക്കുത്ത് ഡാമിലെ ജലനിരപ്പിന്റെ തോത് ഓരോ മണിക്കൂർ ഇടവേളകളിലും ജില്ലാ അടിയന്തര കാര്യഘട്ട നിർവ്വഹണകേന്ദ്രത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ ഇടമലയാർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9.മുകളിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികളുടെ മേൽനോട്ടം റവന്യൂ ഡിവിഷണൽ ഓഫീസർ ഇരിങ്ങാലക്കുട നിർവ്വഹിക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തപക്ഷം ദുരന്ത നിവാരണ ആക്റ്റ് 2005 ലെ ചാപ്റ്റർ X പ്രകാരമുള്ള ശിക്ഷാ നടപടികൾക്ക് വിധേയരായിരിക്കും.

(ഒപ്പ്)

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ

&ജില്ലാ കളക്ടർ, തൃശ്ശൂർ

**സ്വീകർത്താവ് :**

1. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇരിങ്ങാലക്കുട
2. ജില്ലാ പോലീസ് മേധാവി, തൃശ്ശൂർ (സിറ്റി / റൂറൽ)
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ചാലക്കുടി / വാഴച്ചാൽ.
5. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
6. തഹസിൽദാർ ചാലക്കുടി / മുകുന്ദപുരം / കൊടുങ്ങല്ലൂർ
7. ജില്ലാ ഫയർ ഓഫീസർ, തൃശ്ശൂർ.
8. സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൌൺസിൽ, തൃശ്ശൂർ.
9. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ( ദൃശ്യ ശ്രാവ്യ വിനിമയ മാധ്യമങ്ങൾ മുഖേനയുള്ള പ്രസിദ്ധീകരണത്തിനായി.)
10. സെക്രട്ടറി, ചാലക്കുടി മുൻസിപ്പാലിറ്റി.

11.സെക്രട്ടറി, അതിരപ്പിള്ളി / പരിയാരം / മേലൂർ / കാടുകുറ്റി /അന്നമനട /കുഴൂർ / കൊരട്ടി ഗ്രാമപഞ്ചായത്ത്

**പകർപ്പ് :**

1.പ്രിൻസിപ്പൽ സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ് (ആമുഖകത്ത് സഹിതം)

2.സംസ്ഥാന അടിയന്തര കാര്യഘട്ട നിർവഹണ കേന്ദ്രം, തിരുവനന്തപുരം.

3.ഡെപ്യൂട്ടി കളക്ടർ(ദുരന്ത നിവാരണം)

4.ജില്ലാ അടിയന്തര കാര്യഘട്ട നിർവഹണ കേന്ദ്രം, എറണാകുളം.

അംഗീകാരത്തോടെ

ഡെപ്യൂട്ടി കളക്ടർ(ഡിസാസ്റ്റർ മാനേജ്മെന്റ്)